© Government of Kerala
കേരള സർക്കാർ
2010

Reg. No. രജി നമ്പർ
KL/TV(N)/12/2009-2011

KERALA GAZETTE

കേരള ഗസറ്റ്

PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LV വാല്യം 55 | Thiruvananthapuram, Tuesday തിരുവനന്തപുരം, ചൊവ്വ | 6th July 2010 2010 ജൂലൈ 6 | 15th Ashadha 1932 1932 ആഷാഢം 15 | No. നമ്പർ 27

PART III

Stores Purchase

Ground Water Department

ലഘുദർഘാസ് പരസ്യം

നമ്പർ 50/2010/കൃ.എസ്. ഡബ്ലിയു.

2010 ജൂൺ 21.

കേരള ഗവർണ്ണർക്കുവേണ്ടി ഭൂജല വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെൻട്രൽ വർക്ക്ഷോപ്പ് ആൻറ് സ്റ്റോഴ്സ്, കാവനാട്, കൊല്ലം-3-ന് താഴെപ്പറയുന്ന അളവും തരവും തടി സ്ലീപ്പറുകൾ വിതരണം ചെയ്യുന്നതിന് വിതരണക്കാരിൽനിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇതിൽ പറയുന്ന അളവ് തടി ഡിപ്പാർട്ടുമെൻറിന്റെ അപ്പോഴത്തെ ആവശ്യത്തിന് വിധേയമായിരിക്കും. ജൂലൈ മാസം 19-ാം തീയതി ഉച്ചയ്ക്ക് 2 മണിവരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. അന്നേദിവസം 3 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയോ അദ്ദേഹം അധികാരപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. അന്നേദിവസം അവധിയായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം ഇതേ സമയം ടി നടപടികൾ നടത്തപ്പെടുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറാൻ പാടുള്ളതല്ല. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസിനോടൊപ്പം 100 രൂപയ്ക്കുള്ള കേരള മുദ്രപ്പത്രത്തിൽ ഒരു പ്രാഥമിക കരാർ സമർപ്പിക്കേണ്ടതാകുന്നു. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സെൻട്രൽ വർക്ക്ഷോപ്പ് ആൻറ് സ്റ്റോഴ്സ്, കാവനാട്, കൊല്ലം-3-ന്റെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നെടുത്ത ബാങ്ക് ഗ്യാരന്റിയോ, ഡിമാൻറ് ഡ്രാഫ്റ്റോ ആയി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതും ദർഘാസുകൾ അസ്സൽ ഫോറത്തിൽ സമർപ്പിക്കേണ്ടതും ആകുന്നു.

സാധന വിവരം—തടി കമ്പകം/തത്തുല്യം.

അളവ്—325 CFT.

നിരതദ്രവ്യം—1%.

ദർഘാസ് ഫോറത്തിന്റെ വില :

ഒറിജിനൽ—രൂപ 1500 +12.5% നികുതി.

ഡ്യൂപ്ലിക്കേറ്റ്—രൂപ 800+12.5% നികുതി.

വിതരണ കാലാവധി—15 ദിവസം.

നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല.

ദർഘാസ് ഫോറങ്ങൾ വിതരണം ചെയ്യുന്ന അവസാന തീയതി—19-7-2010 ഉച്ചയ്ക്ക് 12 മണി വരെ.

കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
സെൻട്രൽ വർക്ക്ഷോപ്പ് ആൻറ് സ്റ്റോഴ്സ്, കാവനാട്,
കൊല്ലം-3.

(ഒപ്പ്)
അസിസ്റ്റന്റ്
എക്സിക്യൂട്ടീവ്
എഞ്ചിനീയർ.

ദർഘാസ് പരസ്യം

[നമ്പർ 8/2010-11]

നമ്പർ ഡി. ജി. ഒ./77/2007. 2010 ജൂൺ 17.

കേരള ഗവർണ്ണർക്കുവേണ്ടി ജൂലൈ വകുപ്പ് തൃശ്ശൂർ ജില്ലാ ആഫീസർ തൃശ്ശൂർ ജില്ലാ ഓഫീസിലേക്ക് 180 mm PVC Pipe (6kg/cm²) (ISI)—180 Mtr. വിതരണം ചെയ്യുന്നതിനായി പ്രശസ്തരായ നിർമ്മാതാക്കൾ / ഡീലർ / അംഗീകൃത വിതരണക്കാർ എന്നിവരിൽ നിന്നും മൽസരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിരതദ്രവ്യം—1%.

ദർഘാസ് ഫോറത്തിന്റെ വില :

അസ്സൽ—രൂപ 400+വാറ്റ്.

പകർപ്പ്—രൂപ 200+വാറ്റ്.

ദർഘാസ് ഫോറത്തിന്റെ വില രൊക്കമായി അടച്ച് (തിരിച്ച് നൽകുന്നതല്ല) രേഖാമൂലം ആവശ്യപ്പെട്ടാൽ ജൂലൈവകുപ്പ് തൃശ്ശൂർ ജില്ലാ ആഫീസറുടെ പൂങ്കുന്നത്തുള്ള ഓഫീസിൽനിന്നും ഫോറം ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറാം ചെയ്യുവാൻ പാടുള്ളതല്ല. പൂരിപ്പിച്ച അസ്സൽ ദർഘാസ് ഫോറങ്ങൾ പ്രത്യേകം കവറുകളിലാക്കി മുദ്ര ചെയ്ത് ഓരോ കവറിലും ദർഘാസ് നമ്പരും ഏതു വകയ്ക്കുള്ളതാണെന്നും രേഖപ്പെടുത്തി ജില്ലാ ആഫീസർ, ജൂലൈ വകുപ്പ്, സീതാറാം മിൽ ലെയിൻ, പൂങ്കുന്നം പി. ഒ., തൃശ്ശൂർ-680 002 എന്ന മേൽവിലാസത്തിൽ 2010 ജൂലൈ മാസം 17-ാം തീയതി ഒരു മണിക്കുമുമ്പായി ലഭിക്കേണ്ടതാകുന്നു. താമസിച്ചു കിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. മുദ്രവച്ച ദർഘാസുകൾ അന്നേദിവസം വൈകുന്നേരം 3 മണിക്ക് സന്നിഹിതരായ ദർഘാസുകാരുടെയോ അവരുടെ അംഗീകൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ചെക്കുകൾ, പോസ്റ്റൽ സ്റ്റാമ്പുകൾ, ബാങ്ക് ഡ്രാഫ്റ്റുകൾ, മണിയോർഡറുകൾ മുതലായവ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറങ്ങൾ വി. പി. പി. ആയി അയയ്ക്കുന്നതല്ല.

ദർഘാസ് ഫോറങ്ങളുടെ വിൽപ്പന 12-7-2010-ന് 10 മണിക്ക് തുടങ്ങി 17-7-2010-ന് ഉച്ചയ്ക്ക് 1 മണിക്ക് അവസാനിപ്പിക്കുന്നതാണ്. ഓരോ ദർഘാസിനോടൊപ്പവും നൂറു രൂപയുടെ മുദ്രപ്പത്രത്തിൽ ഒരു പ്രാഥമിക എഗ്രിമെന്റ് സമർപ്പിക്കേണ്ടതാകുന്നു. കേരളത്തിന് പുറത്തുള്ള കമ്പനികൾക്ക് മുദ്രപ്പത്രം നൽകുന്നതിലേക്ക് നൂറ്റി ഇരുപത്തിയഞ്ചു രൂപ മണി ഓർഡറായി ടെണ്ടർ ഫോറത്തിന്റെ വിലയോടൊപ്പം നൽകേണ്ടതാണ്. ഇതിൽ ഇരുപത്തിയഞ്ച് രൂപ പോസ്റ്റൽ ചാർജ്ജ് ആകുന്നു. ദർഘാസുകൾ യാതൊരു കാരണവും കൂടാതെ റദ്ദാക്കുവാനുള്ള അധികാരം ജില്ലാ ആഫീസറിൽ നിക്ഷിപ്തമാണ്. ദർഘാസ് സംബന്ധമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.

ജില്ലാ ആഫീസ്,
സീതാറാം മിൽ ലൈൻ,
പൂങ്കുന്നം പി. ഒ., തൃശ്ശൂർ.

(ഒപ്പ്)
ജില്ലാ ആഫീസർ.